**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 474 11.06.2013-ൽ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങൾ നൽകിയ കാർഷിക വായ്പ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സഹകരണ വകുപ്പിന് കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ വഴി 2012-2013 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ നൽകിയ വായ്പകൾ മൊത്തം എത്ര കോടി വീതമാണെന്ന് വെളിപ്പെടുത്താമോ ; | (എ) 2011-2012 സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പാ ഇനത്തിൽ 2665.47 കോടി രൂപയും 2012-2013 സാമ്പത്തിക വർഷത്തിൽ 2841.38 കോടി രൂപയും വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) കാർഷിക വായ്പയ്ക്ക് സഹകരണ സംഘങ്ങൾ ഈടാക്കുന്ന കുറഞ്ഞ പലിശ എത്രയാണ് ; വ്യക്തമാക്കുമോ ? | (ബി) കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖല വഴി നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് *7%* ഉം ദീർഘകാല വായ്പകൾക്ക് 13.25% ഉം ആണ് ഈടാക്കുന്ന ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.<br><br>നെൽകൃഷിയ്ക്ക് പരിധി കണക്കിലെടുക്കാതെ സ്കെയിൽ ഓഫ് ഫിനാൻസിനു വിധേയമായി പലിശരഹിത വായ്പ അനുവദിക്കുന്നുണ്ട്. നബാർഡ് നൽകുന്ന ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പരാമാവധി *3%* സബ് വെൻഷനും, ബാക്കി ഉത്തേജക പലിശ ഇളവ് പദ്ധതി *(Stimulus interest package scheme)* പ്രകാരം പരമാവധി *5%* പലിശ ഇളവും നൽകി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിതമായി നൽകുന്ന പദ്ധതി നിലവിലുണ്ട്. ഫലത്തിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വായ്പകൾ പലിശരഹിതമായാണ് നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**